# ഇബാദത്തും അടിമത്തവും മൗദൂദികളുടെ വിഢ്ഢിത്തവും

അൻവർ അബൂബക്കർ

ഒരു മുസ്‌ലിമിന്റെ അഞ്ചു നേരത്തെ നമസ്കാരത്തിൽ ഓരോ റക്അത്തിലും നിർബന്ധമായും ചൊല്ലുന്നതാണ് താഴെയുള്ള സൂക്തം:

إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِينُ

"നിന്നെ മാത്രം ഞങ്ങൾ ആരാധിക്കുന്നു. നിന്നോട് മാത്രം ഞങ്ങൾ സഹായം തേടുന്നു."[1]

അല്ലാഹുവിന് മാത്രമേ ഇബാദത്ത് ചെയ്യുകയുള്ളൂ എന്ന് പ്രഖ്യാപിക്കുന്ന ഒരു മുസ്‌ലിം ആ പ്രഖ്യാപനം അർത്ഥമാക്കുന്നത് എന്ത് എന്ന് അറിഞ്ഞിരിക്കേണ്ടതുണ്ട്. കാരണം, പ്രസ്തുത ഇബാദത്ത് അല്ലാഹുവിന് മാത്രം അവകാശപ്പെട്ടതാകയാൽ അത് അല്ലാഹു അല്ലാത്ത മറ്റേതെങ്കിലും സൃഷ്ടികൾക്ക് വകവെച്ചുകൊടുത്താൽ അല്ലാഹുവിന്റെ ശാപ കോപത്തിന് വിധേയമാകുന്ന ശിർക്ക് എന്ന മഹാപാതകം ചെയ്യുന്നവനാവുകയും, അതുവഴി അയാൾ ശാശ്വതമായി നരകത്തിൽ അകപ്പെടാൻ ഇടയാവുകയും ചെയ്യും. ആയതിനാൽ ഇത്രമാത്രം ഗൗരവമുള്ള ഈ ഒരു പദത്തിന് അർത്ഥം കൽപിക്കേണ്ടത് അതീവ ഗൗരവത്തോടെ യായിരിക്കണം. ആ ദൗത്യം പൂർവസൂരികളായ പണ്ഡിതൻമാർ പ്രമാണബദ്ധമായി തന്നെ നിർവഹിച്ചിട്ടുണ്ട്. എന്നാൽ, ആ മാർഗത്തെയെല്ലാം അട്ടിമറിച്ചുകൊണ്ട് ജമാഅത്തെ ഇസ്‌ലാമിയുടെ സ്ഥാപക നേതാവ് സയ്യിദ് മൗദൂദി തങ്ങളുടെ മതരാഷ്ട്ര വാദം സ്ഥാപിക്കുന്നതിനു വേണ്ടി വ്യാഖ്യാനത്തിൽ ചില ക്രൂരതകൾ നടത്തി. ഖുർആനിലെ പ്രഥമ അദ്ധ്യായം വ്യാഖ്യാനിച്ചിടത്ത് തന്നെ അക്കാര്യം നമുക്ക് കാണാൻ കഴിയും. അത് ഇങ്ങിനെ വായിക്കാം:

"ഇബാദത്ത് എന്ന പദം അറബിഭാഷയിൽ മൂന്നർത്ഥങ്ങളിൽ ഉപയോഗിക്കാറുണ്ട്: (1) പൂജ, ആരാധന. (2) അനുസരണം, ആജ്ഞാനുവർത്തനം. (3) അടിമത്തം, ദാസ്യവൃത്തി. ഇവിടെ ഈ മൂന്നർത്ഥങ്ങളും ഒന്നിച്ചുദ്ദേശിക്കപ്പെടുന്നുണ്ട്. അതായത്, ഞങ്ങൾ നിന്നെ ആരാധിക്കുന്നവരും നിന്റെ ആജ്ഞാനുവർത്തികളും നിനക്കടിമപ്പെടുന്നവരുമാണ്. ഈ നിലകളിലെല്ലാം നിന്നോട് ഞങ്ങൾ ബന്ധപ്പെടുന്നുവെന്നതല്ല, നിന്നോട് മാത്രമേ ബന്ധപ്പെടുന്നുള്ളൂ എന്നതാണ് യാഥാർത്ഥ്യം. പ്രസ്തുത മൂന്നർത്ഥങ്ങളിൽ യാതൊരർത്ഥത്തിലും ഞങ്ങൾക്ക് മറ്റൊരു 'മഅ്ബൂദ്' (ഇബാദത്ത് ചെയ്യപ്പെടുന്നവൻ) ഇല്ലതന്നെ."[2]

ജമാഅത്തെ ഇസ്‌ലാമി മുകളിൽ വെളിപ്പെടുത്തിയ 'അനുസരണം + അടിമത്തം + ആരാധന = ഇബാദത്ത്' എന്ന ത്രിയേകാർത്ഥ ആശയത്തിന്റെ വിവരക്കേടിന് ആഴം ഏറെയാണ്. അത് തിരിച്ചറിഞ്ഞ ഒട്ടനവധി പണ്ഡിതർ ഈ നൂതനവാദത്തിനു നേരെ ശക്തമായി പ്രതികരിച്ചിട്ടുണ്ട്.

[1] ഖുർആൻ 1:5

[2] തഫ്ഹീമുൽ ഖുർആൻ, സൂറഃ അൽ ഫാതിഹ 5-ാം ആയത്തിന്റെ വ്യാഖ്യാനം

അതിന്റെ ഗൗരവം ഉള്ളിൽ തട്ടിയതുകൊണ്ടാണ് ഒരു പുരുഷായുസ് മുഴുവൻ പ്രബോധനരംഗത്ത് നിറഞ്ഞു നിന്ന മഹാനായ ഉമർ മൗലവി (رحمه الله), ജമാഅത്തെ ഇസ്‌ലാമിയുടെ വ്യതിയാനങ്ങൾ ലോകത്തിന് മുമ്പിൽ ധീരതയോടെ വിളിച്ചു പറയാൻ വൈമനസ്യം കാണിക്കാതിരുന്നത്. മൗദൂദിയുടെ പ്രസ്തുത കണ്ടുപിടിത്തത്തെ കുറിച്ച് ഉമർ മൗലവി (رحمه الله) പറഞ്ഞു:

"ഇസ്‌ലാമിലെ സർവ്വ പ്രധാനമായ 'ഇബാദത്ത്' എന്ന പദത്തിന് അടിമത്തം എന്ന അർത്ഥം മുഖ്യമാക്കി അവതരിപ്പിച്ചതും അറബിഭാഷയിലുള്ള വിവരക്കേടുതന്നെ. അദ്ദേഹം എഴുതി 'അബ്ദ്' എന്നാൽ അടിമ എന്നർത്ഥം അപ്പോൾ ഇബാദത്ത് എന്നാൽ അടിമവേല എന്നായി. ലോകത്ത് ഒരു മനുഷ്യനും പറയാത്ത ന്യായം. അറബിഭാഷാ നിയമത്തിലുള്ള ഈ കേവല വിവരക്കേട് 'അനുരാഗാത്മകമായ ഭ്രമം' കൊണ്ടുമാത്രം കേരളത്തിലെ അറബി അറിയുന്ന പണ്ഡിതന്മാർ പേറി നടന്നു! ദയനീയമായ ഗതികേട്!"[3]

ഈ വിവരക്കേട് പേറി നടന്നതിന്റെ അനന്തരഫലം മുസ്‌ലിം കൈരളി മാത്രമല്ല, ലോകമൊട്ടുക്കുമുള്ള ജനങ്ങൾ അനുഭവിച്ചതാണ്. അറബിയിൽ വേണ്ടത്ര അവഗാഹം സിദ്ധിച്ചിട്ടില്ലാത്ത മൗദൂദിയുടെ തലച്ചോർ രൂപപ്പെടുത്തിയ ആശയങ്ങൾ ഇടം വലം നോക്കാതെ വിഴുങ്ങികൊണ്ട് സയ്യിദ് ഖുതുബ് അറബ് ലോകങ്ങളിൽ പ്രചരിപ്പിക്കാൻ തുടങ്ങിയതാണ് ഒട്ടുമിക്ക രാജ്യങ്ങളിലും അതിന് പ്രചാരം വർദ്ധിക്കാൻ കാരണമായത്. അല്ലാഹുവിന് മാത്രം സമർപ്പിക്കേണ്ട ഒരു ഇബാദത്ത്, അല്ലാഹു അല്ലാത്തവർക്കായാൽ അത് ശിർക്കായി പരിഗണിക്കും. അപ്പോൾ അടിമത്തം അല്ലാഹു അല്ലാത്തവർക്കായാൽ, ഇബാദത്തിന് അടിമത്തം എന്ന അർത്ഥം ഉള്ളതിനാൽ പ്രസ്തുത നടപടി ശിർക്കായി തീരുമത്രെ. അങ്ങിനെ ലോകമെമ്പാടുമുള്ള പാവപ്പെട്ട മുസ്‌ലിം ഹൃദയങ്ങളിലേക്ക് ഈ വിവരക്കേട് സന്നിവേശിപ്പിക്കാൻ ഇവർ ആകുവോളം ശ്രമിച്ചു. അതിന്റെ ഒരു സാമ്പിൾ കേട്ടോളൂ:

"ഈ ദീൻ അറബികളുടെ മാത്രം മോചനമല്ല പ്രഖ്യാപനം ചെയ്യുന്നത്. അത് അവർക്ക് പ്രത്യേകമായുള്ള സന്ദേശവുമല്ല. അതിലെ വിഷയം 'മനുഷ്യനാണ്'. മനുഷ്യവർഗ്ഗം! ഇസ്‌ലാമിന്റെ രംഗവേദി ഭൂമിയാണ്. മുഴുവൻ ഭൂമിയും! അല്ലാഹു അറബികളുടെ മാത്രം രക്ഷിതാവല്ല. ഇസ്‌ലാമിൽ വിശ്വസിച്ചവരുടെ മാത്രവുമല്ല. മറിച്ച് മുഴുവൻ ലോകരുടെയും നാഥനാണ്. അതിനാൽ അവരെയെല്ലാം തങ്ങളുടെ രക്ഷിതാവിങ്കലേക്ക് തിരിച്ചുകൊണ്ടു പോവാനും അവന്റേതല്ലാത്ത അടിമത്തത്തിൽ നിന്ന് രക്ഷിച്ചെടുക്കാനുമാണ് ഈ ദീൻ ആഗ്രഹിക്കുന്നത്. ഇസ്‌ലാമിക വീക്ഷണത്തിൽ ഏറ്റവും വലിയ അടിമത്തം മനുഷ്യർ തങ്ങളെ പോലുള്ളവർ നിർമ്മിച്ച നിയമവ്യവസ്ഥകൾക്ക് വിധേയമാകലാണ്. അല്ലാഹുവിനല്ലാതെ മറ്റാർക്കും അർപ്പിക്കാൻ പാടില്ലാത്ത ഇബാദത്താണ് നിയമക്രമങ്ങൾക്ക് വിധേയമാകൽ. ഈ രംഗത്ത് ദൈവേതരമാർഗ്ഗങ്ങൾ അവലംബിക്കുന്നവർ ഇസ്‌ലാമിൽനിന്ന് പുറത്തുപോകുന്നതാണ്. തങ്ങൾ മുസ്‌ലിംകളാണെന്ന് എത്ര തന്നെ വാദിച്ചാലും ശരി!"[4]

ഇബാദത്തിന് അടിമത്തം എന്ന അർത്ഥം കൽപിച്ചതിന്റെ അപകടമാണ് നമ്മൾ മുകളിൽ വായിച്ചത്. നബി(ﷺ) നമുക്ക് പഠിപ്പിച്ചു തരാത്ത അധ്യാപനമാണ് ഇത്. ഇസ്‌ലാം സ്വീകരിച്ചതിനു ശേഷവും തന്റെ നാട്ടിൽ നിലനിന്നിരുന്ന ഭരണം തുടരുകയും അതേ അവസ്ഥയിൽതന്നെ മരണം വരിക്കുകയും ചെയ്ത വ്യക്തിയായിരുന്നു നജ്ജാശി. അദ്ദേഹത്തിനുവേണ്ടി നബി(ﷺ)യും അദ്ദേഹത്തിന്റെ അനുചരൻമാരും മയ്യിത്ത് നമസ്കാരം വരെ നിർവഹിച്ചത് പ്രസിദ്ധമാണ്. ഇസ്‌ലാമികേതര നിയമക്രമങ്ങൾക്ക് വിധേയമാകൽ ദീനിൽ നിന്നും പുറത്തുപോകുന്ന ഒരു സംഗതിയാണ് എന്ന് അല്ലാഹുവിന്റെ നബി(ﷺ) പഠിപ്പിച്ചതല്ല എന്നത് ഈ സംഭവം വ്യക്തമാക്കുന്നു. അല്ലാഹുവിന്റെ മതത്തിൽ പുതുതായി നിയമനിർമ്മാണം നടത്തുന്നത് ഇവർ തന്നെയാണ് എന്നത് ഇനി എന്നാണ് മൗദൂദികൾ തിരിച്ചറിയുക!

---

[3] സൽസബീൽ 1995 നവമ്പർ 20, പേജ് 9

[4] സയ്യിദ് ഖുതുബ്, ജിഹാദ്, പേജ് 75

വാസ്തവത്തിൽ, ഭാഷാപരമായി പരിശോധിച്ചാൽ ഇബാദത്തിന് അടിമത്തം എന്ന് അർത്ഥം കൊടുക്കുന്നത് ഹിമാലയൻ മണ്ടത്തരമാണ്. അതിനെകുറിച്ച് ആധികാരികമായി ഉമർ മൗലവി(رحمه الله) വിശദീകരിക്കുന്നത് കാണുക:

"മാന്യ വായനക്കാരേ, മൗദൂദി സാഹിബ് പറയുന്നത് ശരിയല്ല. ഇബാദത്തിന് അടിമവൃത്തി എന്നർത്ഥമില്ല. അടിമവേല ചെയ്യുന്നത് അടിമകളായ സഹാബികളോട് നബി(സ) വിരോധിച്ചില്ല. അടിമവേല ചെയ്യിക്കുന്നത് യജമാനന്മാരോടും വിരോധിച്ചില്ല. എന്നു മാത്രമല്ല നബി(സ)ക്ക് അടിമകളുണ്ടായിരുന്നു, അവരെക്കൊണ്ട് നബി അടിമവേല ചെയ്യിച്ചിരുന്നു. മൗദൂദി സാഹിബ് പറയും പ്രകാരം ഇബാദത്തിന് അടിമവേല എന്നർത്ഥമുണ്ടായിരിക്കുകയും അത് ഇവിടെ ഉദ്ദേശിക്കപ്പെടുകയും ചെയ്തിരുന്നുവെങ്കിൽ ഇതൊക്കെ ഒരിക്കലും സംഭവിക്കുകയില്ലായിരുന്നു...... അടിമവൃത്തി ആർക്കുവേണ്ടി ചെയ്യപ്പെടുന്നുവോ ആ യജമാനനെ 'മഅ്ബൂദ്' എന്നാണ് മൗദൂദി സാഹിബ് വിളിക്കുന്നത്. അറബികൾ യജമാനനെ സംബന്ധിച്ച് 'മഅ്ബൂദ്' എന്നു പറഞ്ഞിട്ടില്ല. സയ്യിദ് എന്നും റബ്ബ് എന്നുമാണ് പറഞ്ഞത്. അടിമ യജമാനനോടു കാണിക്കുന്ന അടിമവൃത്തിക്ക് ഇബാദത്ത് എന്നു മൗദൂദി സാഹിബ് പറയുന്നു അറബികൾ അങ്ങിനെ പറഞ്ഞിട്ടില്ല. 'ഉബൂദിയ്യത്ത്' എന്നേ പറഞ്ഞിട്ടുള്ളൂ. 'ഉബൂദിയ്യത്തി'ന് അടിമവേല എന്നർത്ഥം. 'ഉബൂദിയ്യത്തി'ന്റെ ഫിഅ്ൽ 'അബുദ'യാണ്. അടിമയായി എന്നാണ് അതിന്റെ അർത്ഥം. ഇബാദത്തിന്റെ ഫിഅ്ൽ 'അബദ'. അതിന്റെ അർത്ഥം ആരാധിച്ചു എന്നുമാണ്. എന്നാൽ 'അബദ'യുടെ മസ്ദറായും 'ഉബൂദിയ്യത്ത്' വന്നിട്ടുണ്ട്. അപ്പോൾ 'ഉബൂദിയ്യത്തി'ന് ആരാധന എന്നും അടിമത്തം എന്നും രണ്ടർത്ഥം പറയാം. ഇബാദത്തിന് ആരാധന എന്നു മാത്രമേ പറയാൻ പറ്റുകയുള്ളൂ. ഇതാണ് അറബി അറിയുന്ന പണ്ഡിതന്മാർ പറഞ്ഞത്. 'അബദ'യുടെ മസ്ദറായി 'ഇബാദത്ത്' എന്നും, 'ഉബൂദിയ്യത്ത്' എന്നും കണ്ടപ്പോൾ ഉബൂദിയ്യത്തിന്റെ അടിമവേല എന്ന അർത്ഥം ഇബാദത്തിന്നും കണക്കു കൂട്ടുകയാണ് മൗദൂദികൾ ചെയ്തത്. ഇതാണ് പിഴവിന്റെ മർമ്മം. വാസ്തവത്തിൽ ഇബാദത്തിന്റെ ആരാധന എന്ന അർത്ഥം 'ഉബൂദിയ്യത്തി'നും കണക്കു കൂട്ടുകയാണ് ഇവിടെ വേണ്ടത്. മൗദൂദികൾക്ക് വിഷയം കിഴക്കാന്തൂക്കായിപ്പോയി. ഇബാദത്ത് 'അബ്ദി'ൽനിന്നുത്ഭവിച്ചതാണെന്ന് മൗദൂദി സാഹിബ് പറഞ്ഞത് അറബി ഭാഷയിലുള്ള അജ്ഞത നിമിത്തമാണ്. മറ്റു പദങ്ങളുടെ ഉത്ഭവത്തിനു അടിസ്ഥാനമായ മൂല പദമല്ല അബ്ദ്. അടിമയായി എന്നർത്ഥമുള്ള 'അബുദ' എന്ന ഫിഅ്ലിൽ നിന്നുള്ള صفة مشبّهة യാണ് അബ്ദ്...... മൗദൂദി സാഹിബ് പറയും പ്രകാരം നിനക്ക് മാത്രമേ ഞങ്ങൾ അടിമവേല ചെയ്യുകയുള്ളൂ എന്നു ഈ വാക്കിന് അർത്ഥമുണ്ടായിരുന്നെങ്കിൽ അടിമകളായ സഹാബികൾക്കും മറ്റു മുഅ്മിനുകൾക്കും ഈ ആയത്തോതാൻ നിവൃത്തിയില്ലെന്നും ഓതിയതു കേവലം വ്യാജമായിട്ടാണെന്നും വരും. എന്നു മാത്രമല്ല അടിമവേല എന്നുവെച്ചാൽ എന്ത്? യജമാനന്റെ വസ്ത്രം അലക്കികൊടുക്കുക, വീടും പരിസരവും വൃത്തിയാക്കുക, കുളിക്കാൻ വെള്ളവും അതുപോലെ ഭക്ഷണവും, കിടക്ക തലയിണ മുതലായതും തയ്യാറാക്കിക്കൊടുക്കുക ഇതൊക്കെയാണ് അടിമവേല. അതിപരിശുദ്ധനായ അല്ലാഹുവിനെ സംബന്ധിച്ചേടത്തോളം ഈ പദം ഉപയോഗിക്കാൻതന്നെ പാടില്ല. ഇത്ര ചീത്തയായ വിവരക്കേട് ഈ ബുദ്ധിയുള്ളവരിൽനിന്ന് വന്നത് അത്ഭുതമാകുന്നു. അടിമവൃത്തി എന്നു പറയുമ്പോൾ യജമാനന്റെ ആവശ്യം മുഴച്ചുവരുന്നുണ്ട്. എന്നാൽ ഇബാദത്തിൽ അതില്ല. ഇവരെല്ലാം കൂടി إياك نعبد എന്ന വചനംകൊണ്ട് എന്തൊക്കെയാണീ കാട്ടിക്കൂട്ടിയത്!"[5]

അല്ലാഹുവിന്റെ ഗ്രന്ഥത്തെ വിശദീകരിക്കുമ്പോൾ ഗൗരവപൂർവ്വം ശ്രദ്ധിക്കേണ്ട സംഗതിയാണ് വളരെ നിസ്സാരമായികൊണ്ട് ഏതാനും ലക്ഷ്യങ്ങളോടെ മൗദൂദികൾ പഠിതാക്കൾക്ക് മുമ്പിൽ അവതരിപ്പിച്ചത്. അറബി വിജ്ഞാനത്തിന് പുറമെ ഒരു ക്വുർആൻ വ്യാഖ്യാതാവിന് വ്യാകരണം, അലങ്കാരം, സാഹിത്യം എന്നിങ്ങനെ ഒട്ടനവധി വിഷയങ്ങളിൽ വ്യുൽപത്തി വേണമെന്നത്

[5] ഉമർ മൗലവി (رحمه الله), സൽസബീൽ 1973 ഡിസംബർ 20, പേജ് 6-8

അറിയപ്പെട്ട കാര്യമാണ്. അതിന്റെയൊന്നും ഏഴയലത്ത് എത്താന്‍ കഴിയാത്ത ഒരു വ്യക്തി കേവലം നിഘണ്ടുകള്‍ ആധാരമാക്കി ക്വുര്‍ആന്‍ വിശദീകരിക്കാന്‍ ശ്രമിച്ചതിന്റെ അപകടമാണ് ഇബാദത്തിന് അടിമത്തം എന്ന അര്‍ത്ഥം നല്‍കിയ വിഢ്ഢിത്തം.




അല്ലാഹുവിന്റെ ഗ്രന്ഥത്തെ വളച്ചും തിരിച്ചും ദുര്‍വ്യാഖ്യാനം ചെയ്യുന്ന പ്രവണതയുണ്ടാകുന്നത് ചില താത്പര്യങ്ങള്‍ മുമ്പില്‍ ഉള്ളതുകൊണ്ടാണ്. അതില്ലാത്തവരെ സംബന്ധിച്ചിടത്തോളം നിസ്വാര്‍ത്ഥവും നിഷ്കളങ്കവുമായ ഹൃദയമായിട്ടായിരിക്കും ക്വുര്‍ആനിനെ സമീപിക്കുക. അല്ലാഹു ക്വുര്‍ആനിലൂടെ പ്രസ്താവിക്കുന്നതെന്തോ, അത് സ്വന്തം ഇഷ്ടത്തിനോ താല്‍പര്യത്തിനോ നിലനില്‍പിനോ നിരക്കാത്തതായാലും അത് മുഴുവന്‍ സ്വീകരിക്കുവാന്‍ അങ്ങനെയുള്ളവര്‍ തയ്യാറാകും. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് അമാനി മൗലവി (رحمه الله) നല്‍കിയ വ്യാഖ്യാനം ഈ രൂപത്തിലുള്ള ഒന്നാണ്. അത് താഴെ:

“ഖുര്‍ആന്റെ വാക്കര്‍ത്ഥങ്ങള്‍ക്ക് വേണ്ടി പ്രത്യേകം തയ്യാറാക്കപ്പെട്ടതും എല്ലാവരും അംഗീകരിച്ചു വരുന്നതുമായ വിലപ്പെട്ട ഒരു നിഘണ്ടുവാണ് ഇമാം റാഗിബ്(റ)ന്റെ ‘അല്‍മുഫ്റദാത്ത്’ (المفردات). അതില്‍ അദ്ദേഹം പറയുന്നു: العبودية اظهار التذلل والعبادة ابلغ لأنها غاة التذلل ولا يستحقها إلا من له غاية الأفضال وهو الله تعالى ولهذا قال لا تعبدو إلا إياه (ഉബൂദിയ്യത്ത് -അടിമത്വം- എന്നാല്‍ താഴ്മ പ്രകടിപ്പിക്കലാണ്. ‘ഇബാദത്ത്’ അതിനേക്കാള്‍ ശക്തിയേറിയതാണ്. കാരണം, അത് അങ്ങേ അറ്റത്തെ താഴ്മ

കാണിക്കലാണ്. അങ്ങേ അറ്റം അനുഗ്രഹം ചെയ്യുവാൻ കഴിവുള്ളവനല്ലാതെ അതിന് അവകാശമില്ല. അത് അല്ലാഹുവാണ് താനും. അത്കൊണ്ടാണ് അവനല്ലാതെ ഇബാദത്ത് ചെയ്യരുതെന്ന് അവൻ പറഞ്ഞിരിക്കുന്നതും.) ഇതിൽനിന്ന് 'ഇബാദത്തും', 'ഉബൂദിയ്യത്തും' ( العبادة والعبودية) തമ്മിലുള്ള വ്യത്യാസം വ്യക്തമാകുന്നു. അതായതു, ഉബൂദിയ്യത്തിനേക്കാൾ പ്രത്യേകമായതും, ഉബൂദിയ്യത്തിനേക്കാൾ ശക്തമായതും (أخص منها وأبلغ) ആയ ഒന്നാണ് ഇബാദത്ത്. മാത്രമല്ല عَبَدَ (അബദ) എന്ന ക്രിയക്കു മാത്രമേ 'ഇബാദത്ത്' എന്ന ധാതുരൂപം വരുകയുള്ളൂ. 'ഉബൂദിയ്യത്ത്' ആകട്ടെ عَبَدَ, عَبُدَ (മദ്ധ്യത്തിലെ അക്ഷരത്തിന് 'അ'കാരമായും 'ഉ'കാരമായും) എന്നീ രണ്ട് ക്രിയാ രൂപങ്ങളുടെയും ധാതുരൂപമായി വരികയും ചെയ്യും. عَبَدَ (بالفتح) യുടെ ധാതുവാകുമ്പോൾ അതിനും 'ഇബാദത്തി'ന്റെ അർത്ഥം തന്നെയായിരിക്കും. അപ്പോൾ അത് സകർമ്മക രൂപത്തിലുള്ളതും (متعدي) ആയിരിക്കും. عَبُدَ (بالضم) യുടേതാകുമ്പോൾ അടിമത്വം എന്നുമായിരിക്കും അർത്ഥം. ഇപ്പോൾ ആ ക്രിയ അകർമ്മക ക്രിയയും (لازم) ആയിരിക്കും. ചുരിക്കിപ്പറഞ്ഞാൽ, 'അബദ' എന്ന ക്രിയയും അതിൽനിന്നുള്ള പദങ്ങളും ആരാധിക്കുക എന്ന അർത്ഥത്തിൽ മാത്രം ഉപയോഗിക്കപ്പെടുന്നു. 'അബുദ' എന്ന ക്രിയയും അതിൽനിന്നുള്ള പദങ്ങളും അടിമത്വം -അഥവാ അടിമയായിരിക്കൽ- എന്ന അർത്ഥത്തിൽ മാത്രം ഉപയോഗിക്കപ്പെടുന്നു. 'ഉബൂദിയ്യത്ത്' ആകട്ടെ രണ്ട് ക്രിയാരൂപങ്ങളുടെയും ധാതുവായി വരുന്നത് കൊണ്ട് 'ആരാധന' എന്നും 'അടിമത്വം' എന്നുമുള്ള അർത്ഥങ്ങളിലും വരും. ഈ വ്യത്യാസങ്ങളെ വസ്തുനിഷ്ഠമായി മനസ്സിലാക്കാതിരിക്കുകയോ, ഗൗനിക്കാതിരിക്കുകയോ ചെയ്യുന്നത് കൊണ്ടാണ് عبادة എന്ന വാക്കിന് ഭാഷാർത്ഥങ്ങൾ പറയുമ്പോൾ, 'അടിമത്വം, അടിമവേല, അടിമവൃത്തി' എന്നുമൊക്കെ അർത്ഥം പറയപ്പെട്ടു വരുന്നത്. വാസ്തവത്തിൽ عبودية നല്ലാതെ عبادة നു അങ്ങിനെ ഭാഷയിലും അർത്ഥമില്ല."[6]

ഇബാദത്തിന് അടിമത്തം എന്ന അർത്ഥം ഇല്ല എന്ന് മുകളിലെ വിശദീകരണങ്ങളിൽ നിന്നും വ്യക്തമാണല്ലോ. മുവഹ്ഹിദുകളായ ഒരു കൂട്ടം ആളുകളെ കാഫിറും മുശ്‌രിക്കുമായി മുദ്രകുത്താനാണ് അറബിഭാഷയിലെ അജ്ഞത മൗദൂദികളെ ധൃഷ്ടരാക്കിയത്. 'മനുഷ്യരിലാർക്കും തന്നെ ഇഷ്ടാനുസരണം ജനങ്ങളുടെ മേൽ ആജ്ഞാനിരോധനങ്ങൾ നടത്തുന്ന രാജാവോ അധിപതിയോ ആകാവതല്ല. അത്യുന്നതനായ അധിപതിയിൽനിന്നുള്ള അനുവാദമില്ലാതെ വിധിനിഷേധങ്ങൾ നിർവ്വഹിക്കുന്നത് അല്ലാഹുവിന്റെ ഭൂമിയിൽ അഹന്ത നടിക്കലും അവന്റെ ആജ്ഞ ധിക്കരിക്കലും ദിവ്യത്വം ചമയാൻ ശ്രമിക്കലുമാണ്. ഇത്തരം പൈശാചികശക്തികളെ തങ്ങളുടെ രാജാക്കളും ഭരണാധികാരികളുമായി തൃപ്തിപ്പെടുന്നവർ അവരെ അല്ലാഹുവിൽ പങ്കുചേർക്കുകയാണ് ചെയ്യുന്നത്. ഭൂമിയിലെ മുഴുവൻ കുഴപ്പങ്ങളുടേയും പ്രഭവസ്ഥാനം അതാണ്. തിന്മയുടേയും അതിക്രമത്തിന്റെയും സ്രോതസ്സും അതുതന്നെ' എന്ന് സയ്യിദ് മൗദൂദിയെകൊണ്ട് പറയിപ്പിച്ചതും[7] അതേ അജ്ഞത തന്നെ. ഏതെങ്കിലും വിധത്തിൽ മനുഷ്യന് നിയമനിർമ്മാണാവകാശവും ഭരണാധികാരവും നൽകുന്ന ഏത് വ്യവസ്ഥിതിയിലും മനുഷ്യർ അടിമകളുടെ അടിമത്വത്തിലായിരിക്കും എന്നും ഇതവസാനിപ്പിച്ച് അവരെ അല്ലാഹുവിന്റെ മാത്രം അടിമത്വത്തിലേക്ക് നയിക്കുന്ന ഏകവ്യവസ്ഥ ഇസ്‌ലാം മാത്രമാണ് എന്ന്

[6] അമാനി മൗലവിയുടെ തഫ്സീർ, സൂറഃ ഫാത്വിഹയുടെ വ്യാഖ്യാനം

[7] സയ്യിദ് മൗദൂദി, ജിഹാദ്, പേജ് 15

ഈ ഒരു വിഭാഗത്തെകൊണ്ട് വിളിച്ചു പറയാൻ[8] പ്രേരിപ്പിച്ച ഘടകവും മറ്റൊന്നല്ല. മനുഷ്യനെ ദൈവേതരരുടെ അടിമകളാക്കുന്ന മുഴുവൻ രാഷ്ട്രീയശക്തികളേയും നേരിടേണ്ടത് അനിവാര്യമായതിനാൽ അല്ലാഹുവിന്റേതല്ലാത്ത നിയമവ്യവസ്ഥ നടപ്പാക്കുന്നവരേയും സത്യപ്രബോധനം കേൾക്കാനും ആദർശം അംഗീകരിക്കാനും ആളുകളെ അനുവദിക്കാത്തവരേയും പാഠം പഠിപ്പിക്കേണ്ടത് അനുപേക്ഷണീയമാണ് എന്നു കൂടെ ഇതോടൊപ്പം ഇവർ ചേർത്തുപറഞ്ഞതും[9] അതുകൊണ്ടുതന്നെ. ഇപ്രകാരം പാഠം പഠിപ്പിക്കാൻ ഇവർ ഇറങ്ങിയതിന്റെ ഫലമോ, കുളിക്കാതെ ഈറൻ ചുമക്കേണ്ടിവന്നതു പോലെയുള്ള അവസ്ഥ മുസ്‌ലിം സമുദായത്തിന് മൊത്തത്തിൽ അനുഭവിക്കേണ്ടി വന്നു. അത്രമാത്രം വർഗ്ഗീയതയും തീവ്രവാദവും മുഴച്ചുനിൽക്കുന്നതായിരുന്നു ഇബാദത്തിനു മേൽ ഇവർ നടത്തിയ ദുർവ്യാഖ്യാനത്തിന്റെ ഫലം!

മൗദൂദിക്ക് ഇബാദത്തിനുമേൽ പറ്റിയ അബദ്ധം തുറന്നു സമ്മതിക്കാൻ എന്നിട്ടും ജമാഅത്തെ ഇസ്‌ലാമിയുടെ ബുദ്ധി രാക്ഷസൻമാർ തയ്യാറല്ല. പകരം, ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യ(رحمه الله), ശൈഖ് മുഹമ്മദ് അബ്ദുൽ വഹാബ്(رحمه الله) എന്നിങ്ങനെയുള്ള അഹ്‌ലുസ്സുന്നത്തിന്റെ പണ്ഡിതരിലേക്ക് മൗദൂദിയുടെ ക്രൂരവിനോദം ചേർത്തുപറയാൻ ധൈര്യം കാണിക്കുകയാണ് മൗദൂദികളുടെ പതിവ്. മൗദൂദികളുടെ ഈ ധാർഷ്ട്യത്തിനും ഇസ്‌ലാഹീ പണ്ഡിതർ വ്യക്തമായ മറുപടി കൊടുത്തിട്ടുണ്ട്. ഉമർ മൗലവി(رحمه الله)യുടെ താഴെയുള്ള വരികൾ അതിന് സാക്ഷ്യമാണ്:

"ആരെങ്കിലും അല്ലാഹു അല്ലാത്തവരുടെ അടിമയായാൽ മുശ്‌രിക്കായിത്തീരും എന്ന് നബി(സ) പറഞ്ഞിട്ടില്ല. നബി(സ) അടിമത്തം അനുവദിച്ചു ഇബാദത്തിനു അടിമത്തം എന്നർത്ഥമുണ്ടായിരുന്നുവെങ്കിൽ ഇത് അനുവദിക്കുമായിരുന്നില്ല. നബിക്ക് അടിമകൾ ഉണ്ടായിരുന്നു. അടിമസ്ത്രീയിൽ നിന്നും നബി(സ)ക്ക് കുട്ടി ജനിച്ചു. സഹാബികളിൽ പലർക്കും അടിമകളുണ്ടായിരുന്നു. പല സഹാബികളും മറ്റുള്ളവരുടെ അടിമകളായിരുന്നു. തെളിഞ്ഞു കിടക്കുന്ന ചരിത്ര സത്യമാണിത്. ഈ ചരിത്ര വസ്തുതകൾക്കും പ്രവാചകചര്യക്കും എതിരായി ഇബ്നു തൈമിയ്യ(റ)യുടെ പേരിൽ ചുമത്തിപ്പറയുന്ന ഈ വാർത്ത പച്ച നുണയാകാനേ നിവൃത്തിയുള്ളൂ. കൈക്രിയകൾ ഗ്രന്ഥങ്ങളിലും ചരിത്രത്തിലും ധാരാളം നടന്നിട്ടുണ്ട്. നബി(സ)യുടെ പേരിൽ തന്നെ എത്രയെത്ര കള്ള ഹദീസുകൾ ഉണ്ടായി. ജമാഅത്ത് നേതാവുപോലും കള്ള ഹദീസ് ഉണ്ടാക്കിയല്ലോ? അതിനാൽ അല്ലാഹു അല്ലാത്തവരുടെ അടിമയായാൽ മുശ്‌രിക്കാകും എന്നവാദം അനിസ്‌ലാമികമാണ്."[10]

സലഫി പണ്ഡിതൻമാരുടെ കൃതികളിൽ ഉബൂദിയ്യത്ത് എന്ന പദം കണ്ടിടത്തൊക്കെ നേർക്കുനേരെ ഇബാദത്ത് എന്ന് അർത്ഥം കൊടുത്തതുകൊണ്ട് സംഭവിച്ച ദുരന്തമാണ് മൗദൂദികൾക്ക് വിനയായത്. ഈ വങ്കത്തം ന്യായീകരിക്കാൻ മുജാഹിദ് പ്രസ്ഥാനം പുറത്തിറക്കിയ ക്വുർആനിന്റെ തഫ്സീറിലും മൗദൂദികൾ ഗവേഷണം നടത്തുന്നുണ്ട്. സൂറഃ നിസാഅ്: 172-ാം സൂക്തത്തിനു നൽകിയ വ്യാഖ്യാനമാണ് പ്രസ്തുത ഭാഗം. ആയത്ത് ഇങ്ങിനെ:

لَّن يَسْتَنكِفَ ٱلْمَسِيحُ أَن يَكُونَ عَبْدًا لِّلَّهِ وَلَا ٱلْمَلَٰٓئِكَةُ ٱلْمُقَرَّبُونَ ۚ وَمَن يَسْتَنكِفْ عَنْ عِبَادَتِهِۦ وَيَسْتَكْبِرْ فَسَيَحْشُرُهُمْ إِلَيْهِ جَمِيعًا

"അല്ലാഹുവിനു അടിമയായിരിക്കുവാൻ (ഈസാ) 'മസീഹു' വൈമനസ്യം കാണിക്കുകയേ ചെയ്കയില്ല; (അല്ലാഹുവിങ്കൽ) സാമീപ്യം സിദ്ധിച്ചവരായ മലക്കുകളും (ചെയ്ക) ഇല്ല. അവനെ

---

[8] സയ്യിദ് ഖുതുബ്, ഇസ്‌ലാം: സവിശേഷതകൾ, പേജ് 284, വിവർത്തനം: ശൈഖ് മുഹമ്മദ് കാരക്കുന്ന്

[9] സയ്യിദ് ഖുതുബ്, ജിഹാദ്, പേജ് 76

[10] ഉമർ മൗലവി (رحمه الله), സൽസബീൽ 1993 ജൂൺ 20, പേജ് 39-40

ആരാധിക്കുന്നതിനെപ്പറ്റി ആര്‍ വൈമനസ്യം കാണിക്കുകയും, അഹംഭാവം കാണിക്കുകയും ചെയ്യുന്നുവോ അവരെ മുഴുവനും അവന്‍ തന്റെ അടുക്കലേക്ക് ഒരുമിച്ചുകൂട്ടിയേക്കുന്നതാണ്.''

പ്രസ്തുത ആയത്ത് അമാനി മൗലവി(رحمه الله) വിശദീകരിച്ചത് ഇപ്രകാരമാണ്:

''ഈസാ(അ)നെ റബ്ബും ഇലാഹും (രക്ഷാകര്‍ത്താവും ആരാധ്യദൈവവും) ആക്കി വെക്കുകയാണല്ലോ ക്രിസ്ത്യാനികള്‍ ചെയ്യുന്നത്. എന്നാല്‍, അദ്ദേഹത്തിന്റെ സ്വന്തം നിലപാട് എന്താണ്? അല്ലാഹുവിന്റെ അടിമയായിരിക്കുന്നതില്‍ ഒട്ടും അപമാനമോ, വൈമനസ്യമോ, അഹംഭാവമോ ഒരു കാലത്തും ബാധിക്കാത്ത ആളാണദ്ദേഹം. അദ്ദേഹമെന്നു മാത്രമല്ല, അല്ലാഹുവിന്റെ സാമീപ്യം സിദ്ധിച്ച പരിശുദ്ധരായ മലക്കുകളുടെ സ്ഥിതിയും അങ്ങിനെത്തന്നെ. എനി ഈസാ നബിയും മലക്കുകളും എന്നല്ല, ആര്‍ തന്നെയും അല്ലാഹുവിന്റെ അടിയാന്‍ മാരായിക്കൊണ്ട് അവനെ ആരാധിക്കുവാന്‍ വൈമനസ്യം കാണിക്കുകയോ, ഗര്‍വ്വു നടിക്കുകയോ ചെയ്യുന്നപക്ഷം അല്ലാഹു അവരെ വെറുതെ വിടുമെന്നു കരുതേണ്ട. ഒന്നൊഴിയാതെ അവരെ മുഴുവനും അവന്‍ തന്റെ മുമ്പില്‍ ഹാജരാക്കി നടപടി എടുക്കുക തന്നെ ചെയ്യും. ആ നടപടി എന്തായിരിക്കുമെന്നു അടുത്ത വചനത്തില്‍ വിവരിക്കുന്നുമുണ്ട്. അല്ലാഹുവിന്റെ അടിമ (عبد) ആയിരിക്കുന്നതിനെ സാക്ഷാല്‍കൃതമാക്കുന്നതു അവനു ആരാധന ചെയ്യുന്നതു മൂലമാണെന്നു ഈ വചനത്തില്‍നിന്നു മനസ്സിലാക്കാം. ഉടമസ്ഥത കൊണ്ടുള്ള അടിമ എന്നും, ആരാധന കൊണ്ടുള്ള അടിമ-അഥവാ അടിയാന്‍- എന്നും രണ്ടു തരം عبد (അടിമ)കള്‍ ഉണ്ടെന്നും, ഒന്നാമത്തേതിന്റെ ബഹുവചനം عبيد എന്നും രണ്ടാമത്തേതിന്റെ ബഹുവചനം عباد എന്നുമാണെന്നും ഇമാം റാഗിബ്(റ) പ്രസ്താവിച്ചതു നാം മുമ്പൊരിക്കല്‍ ചൂണ്ടിക്കാട്ടിയിട്ടു ള്ളതാണ്.''[11]

അടിമ എന്ന പദവും ആരാധന എന്ന പദവും അമാനി മൗലവി (رحمه الله) വിശദീകരിച്ചതില്‍ ഒരുമിച്ചു കണ്ടപ്പോള്‍, മുജാഹിദുകളും ഇബാദത്തിന് അടിമത്തം എന്ന അര്‍ത്ഥം സമ്മതിക്കുന്നവരാണെന്ന് ഗവേഷണം ചെയ്ത മൗദൂദികളുടെ ബുദ്ധി അപാരം തന്നെ!. ഇതാണ് ഇവര്‍ക്ക് അറബി ഭാഷയുമായുള്ള ബന്ധം!!. ലൗകികവും അലൗകികവുമായ അടിമത്തത്തെ കുറിച്ചുള്ള വ്യത്യാസം തിരിയാതെ പോയാലും മൗദൂദികള്‍ക്ക് പറ്റിയ അബദ്ധം സംഭവിക്കാന്‍ ഇടയുണ്ട്. അറബിയില്‍ അവഗാഹമുള്ള ഇസ്‌ലാഹി പണ്ഡിതര്‍ കൃത്യവും വ്യക്തവുമായി മൗദൂദികളെ ആവര്‍ത്തിച്ച് ഇക്കാര്യം ഉണര്‍ത്തിയിട്ടുള്ളതാണ്. അതിന്റെ ഒരു ഉദാഹരണം നമുക്ക് ഇതോടൊപ്പം ഒന്ന് വായിക്കാം:

''അബ്ദ് (അടിമ) എന്ന പദം അറബിഭാഷയില്‍ അലൗകികമായ ദാസ്യം സ്വീകരിച്ചവന്നും ലൗകികമായ ദാസ്യവേല ചെയ്യുന്നവന്നും ഒരു പോലെ പ്രയോഗിക്കാറുള്ളതാണ്. മഹാന്‍മാരായ പണ്ഡിതന്‍മാര്‍ ഇബാദത്തിനെപ്പറിയുള്ള ചര്‍ച്ചക്കിടയില്‍ പ്രയോഗിച്ചിയ്യുള്ള 'ഉബൂദിയ്യത്ത്' എന്ന പദം ആരാധനാഭാവത്തോടെയുള്ള അലൗകികാടിമത്തത്തെയാണ് കുറിക്കുന്നത്. ലൗകികമായ അടിമവൃത്തിയെ അല്ല. ലൗകികമായ അടിമത്തത്തിന് അറബിയില്‍ 'രിഖ്' എന്ന പദമാണ് പ്രയോഗിക്കുക. 'അബ്ദുശ്ശംസ്' (സൂര്യദാസന്‍) എന്ന പേര് ആരാധനാഭാവമുള്ള അലൗകികാടിമത്തത്തെ കുറിക്കുന്നു. അല്ലാഹുവല്ലാത്ത ആരുടെയെങ്കിലും അടിമത്തം ഈ അര്‍ത്ഥത്തില്‍ സ്വീകരിക്കുന്നവന്‍ ബഹുദൈവാരാധകനാണെന്നതില്‍ പക്ഷാന്തരമില്ല. എന്നാല്‍ 'അബ്ദു ഉമയ്യഃ' (ഉമയ്യയുടെ അടിമ) എന്ന വാക്ക് ലൗകികമായ അടിമത്തത്തെയാണ് കുറിക്കുന്നത്. ഉമയ്യഃ എന്ന മനുഷ്യന് ലൗകികമായി അടിമപ്പെട്ടവന്‍ എന്ന് അര്‍ത്ഥം. പ്രസ്തുത അടിമ അല്ലാഹുവിന്റെ വിധിവിലക്കുകളെ അതിലംഘിക്കാത്തവിധം ഉമയ്യഃ എന്ന യജമാനന് സേവനമര്‍പ്പിക്കുന്നത് അല്ലാഹുവിനുള്ള സര്‍വ്വാര്‍പ്പണത്തിന് എതിരാകുന്ന പ്രശ്നമില്ല. സയ്യിദ് മൗദൂദിക്ക് മുമ്പ് ഈ കാര്യത്തില്‍ ആര്‍ക്കും ഒരു വസ്‌വാസും ഉണ്ടായിട്ടില്ല. രാഷ്ട്രീയാവശ്യത്തിനുവേണ്ടി ഇബാദത്തിനെ ഭൗതികവത്കരിച്ച സയ്യിദ് മൗദൂദിക്കോ

[11] സൂറഃ നിസാഅ് 172, അമാനി മൗലവി തഫ്സീര്‍ വ്യാഖ്യാനം

ശിഷ്യന്മാർക്കോ ഈ ‘വസ്വാസിൽ’ നിന്ന് മോചനം നേടാൻ കഴിയുകയുമില്ല. ഗൈബി(അഭൗതിക സത്യങ്ങളിൽ)ലുള്ള വിശ്വാസത്തിൽ അധിഷ്ഠിതമാണ് ഇസ്‌ലാമിലെ ‘ഇബാദത്ത്’. അതിനെ സൈനിക പരിശീലനമായും രാഷ്ട്രീയ വിജയത്തിനുള്ള ഉപാധിയായും കാണാതെ അല്ലാഹുവിന്റെ അഭൗതികമായ അനുഗ്രഹം ലഭിക്കുന്നതിനുള്ള മാർഗമായി വീക്ഷിക്കുന്നവർക്കേ ഇബാദത്തെന്തെന്നും ശിർക്കെന്തെന്നും മനസ്സിലാവുകയുള്ളൂ.”[12]

ഇബാദത്തിന് അടിമത്തവുമായുള്ള ബന്ധവും മൗദൂദികളുടെ വിഢ്ഢിത്തരങ്ങളും ഇതിനകം വായനക്കാർക്ക് ബോധ്യപ്പെട്ടുകാണും. മുളച്ചു വരുമ്പോൾത്തന്നെ ഒരു ചെടിയുടെ കരുത്ത് മനസ്സിലാക്കി അതിനനുസൃതമായി നട്ടുവളർത്തുകയോ നശിപ്പിക്കുകയോ ചെയ്യാറുണ്ട്. അതുപോലെ, ജമാഅത്തെ ഇസ്‌ലാമി ലോകത്ത് ഇബാദത്തിന്റെ ദുർവ്യാഖ്യാനങ്ങളുമായി രംഗത്ത് വന്നപ്പോൾ അതിന്റെ ആശയത്തിന് പ്രമാണവുമായി തട്ടിച്ചുനോക്കുമ്പോൾ വേണ്ടത്ര കരുത്ത് ദർശിക്കാൻ ഇസ്‌ലാഹി പണ്ഡിതർക്ക് കഴിഞ്ഞിട്ടില്ല. ആയതിനാൽതന്നെ അതിന്റെ തുടക്കം മുതലേ ഈയൊരു വിഭാഗത്തിൽനിന്ന് സമുദായത്തിനോ രാജ്യത്തിനോ നല്ല വിളവ് പ്രതീക്ഷിക്കുന്നത് അബദ്ധമാണ് എന്ന് മുജാഹിദുകൾ ഉറക്കെ വിളിച്ചുപറഞ്ഞു. ഉമർ മൗലവി(رحمه الله)യെ പോലെയുള്ള ആദർശ സ്നേഹികൾ സധൈര്യം ഇവരുടെ വ്യതിയാനങ്ങൾ ലോകത്തിന് മുമ്പിൽ അക്കമിട്ടു നിരത്തി. അൽഹംദുലില്ലാഹ്! അതിന്റെ ഫലം നാമെല്ലാവരും ഇന്ന് അനുഭവിക്കുന്നു. നാഥാ, അവരുടെയെല്ലാം പ്രയത്നങ്ങൾ നീ സത്കർമ്മമായി സ്വീകരിക്കേണമേ... ഞങ്ങളെയും അവരെയുമെല്ലാം നിന്റെ സ്വർഗീയ ആരാമത്തിൽ സച്ചരിതരായ നിന്റെ ദാസൻമാരുടെ കൂടെ ഒരുമിച്ചുകൂട്ടേണമേ, ആമീൻ.

---

[12] ചെറിയമുണ്ടം അബ്ദുൽ ഹമീദ്, ഇബാദത്ത് വീക്ഷണങ്ങളുടെ താരതമ്യം, പേജ് 127